# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5736**

18-11-2019 ൽ മറുപടിയ്ക്ക്

## കടൽത്തീര കപ്പൽ ചരക്കുഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ :<br>ശ്രീ. എസ്.ശർമ്മ :<br>ശ്രീ. വി. ജോയി :<br>ശ്രീ. കെ.കുഞ്ഞിരാമൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കു നീക്കത്തിന് ചെലവേറെയാകുന്നതിനാലും അന്തരീക്ഷ മലിനീകരണവും അപകടങ്ങളും വർദ്ധിച്ചു വരുന്നതിനാലും തീരദേശ കപ്പൽ ഗതാഗതത്തിന്റെ മികച്ച സാധ്യത പ്രയോജനപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;<br><br>(ബി) തീരദേശ കടൽ മാർഗ്ഗവും കായലുകളും നദികളും പ്രയോജനപ്പെടുത്തുകയാണെങ്കിൽ കരമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ ഗണ്യമായ ഭാഗവും ഒഴിവാക്കി ചെലവുകുറഞ്ഞ ചരക്കുനീക്കം വർദ്ധിപ്പിക്കാൻ കഴിയുമെന്ന വസ്തുത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും ഉണ്ട്. 2030 ഓടെ നിലവിൽ റോഡ്/റയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 50% തീരദേശ കപ്പൽ ഗതാഗതം വഴിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഇപ്പോൾ ആരംഭിക്കാനുദ്ദേശിക്കുന്ന കടൽത്തീര കപ്പൽ ചരക്കു ഗതാഗതത്തിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ എന്താണ്; എത്ര കപ്പലുകൾ പ്രസ്തുത പദ്ധതികളുടെ ഭാഗവാക്കാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; ഏതെല്ലാം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ഗതാഗതം ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) കേരളത്തിൽ അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടത്തിപ്പിനുള്ള ആക്ഷൻ പ്ലാൻ M/s. ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയിരുന്നു. കൊച്ചി തുറമുഖത്തിനും അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ കപ്പലുകളിൽ ചരക്കുകൾ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്ത് ഇതുവരെ 131 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ, തുറമുഖങ്ങളിലും കപ്പലുകൾ എത്തുന്നുണ്ട്. കൂടാതെ മംഗലാപുരത്തെയും, ബേപ്പൂരിനെയും ബന്ധിപ്പിച്ചു കൊണ്ടുള്ള സർവ്വീസുകളും നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ